നം.ഡി5/16846/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി :06/05/2019

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും.

സർ,

വിഷയം: പൊ.വി. - ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിന്നും ഹയർസെക്കന്ററി പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള നിയമനം: സീനിയോറിറ്റി പട്ടിക-2019 ലഭ്യമാക്കുന്നത്-സംബന്ധിച്ച്:-

സൂചന:
1. 2/5/2019, 3/5/2019 എന്നീ തീയതികളിലെ ഹയർസെക്കന്ററി ഡയറകടറുടെ കാര്യാലയത്തിൽ നിന്നുമുള്ള ബി7/148317/2019 നമ്പർ കത്ത്.
2. 25.08.2017 -ാം തീയതിയിലെ ഈ കാര്യാലയത്തിലെ ഡി5/26330/2017 നമ്പർ കത്ത്.

മേൽ സൂചന(1) കത്തുകൾ പ്രകാരം 2019 അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രിൻസിപ്പാൾ നിയമനത്തിന് വേണ്ടി അർഹതയുള്ള എച്ച്.എം/എ.ഇ.ഒ മാരിൽ നിന്നും 25 പേരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് (CR) ലഭ്യമാക്കാൻ ഹയർസെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അറിയിച്ചിരുന്നു. ആയതിനാൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെയും നിയന്ത്രണാധികാര പരിധിയിലുള്ള പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിന്നും പ്രിൻസിപ്പാൾ തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുള്ളവരിൽ താൽപര്യമുള്ളവരുടെ അപേക്ഷ ടി അധ്യാപകരുടെ 2016, 2017, 2018 വർഷങ്ങളിലെ കോൺഫഡൻഷ്യൽ റിപ്പോർട്ട് (CR) സഹിതം <u>**10/5/2019**</u> നു മുൻപായി ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ട് എത്തിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ഇത്തരത്തിൽ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ നിന്നും ഹയർസെക്കന്ററി പ്രിൻസിപ്പാളായി നിയമനം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് ഈ കാര്യാലയത്തിൽകൂടി ലഭ്യമാക്കാനും നിർദ്ദേശിക്കുന്നു.

കൂടാതെ ഈ കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച സൂചന(2) പ്രകാരമുള്ള സീനിയോററി ലിസ്റ്റിൽ ഉൾപ്പെട്ട പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മാരിൽ ചുവടെ പറയുന്നവരുടെ **കോൺഫഡൻഷ്യൽ റിപ്പോർട്ട് (CR)** ഉം **10.05.2019**

...നുമുൻപായി ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | സൂചന(2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നം./പേര് | ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ട കോൺഫിഡൻഷ്യൽ റിപ്പോർട്ട് (CR) |
|---|---|---|
| 1 | ക്രമനം. 69 മുതൽ 84 വരെയുള്ള എച്ച്.എം/എ.ഇ.ഒ മാർ | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെ കാലയളവിലെ CR |
| 2 | ക്രമ നം. 85 മുതൽ 123 വരെയുള്ള എച്ച്.എം/എ.ഇ.ഒ മാരുടെ | 2016,2017,2018 കലണ്ടർ വർഷങ്ങളിലെ CR |
| 3 | ക്രമനം. 27A **ഷീല. കെ.എസ്.** ജി.കെ.വി.എച്ച്. എസ്.എസ് ഏറിയാട്, മലപ്പുറം | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ CR |
| 4 | ക്രമനം. 31B **അബ്ദുൾ ലത്തീഫ്. കെ.** എച്ച്.എം, ഗവ.എച്ച്.എസ്. ആഴ്ചവട്ടം, കോഴിക്കോട്. | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ CR |
| 5 | ക്രമനം. 38 ബി, **പി.ഡി. രഘുപ്രസാദ്**, എ.ഇ.ഒ ആറന്മുള, പത്തനംതിട്ട | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ CR |
| 6 | ക്രമനം. 44A **ഗീത.ഡി**, എച്ച്.എം., ഗവ.എച്ച്.എസ്.എസ്. ഈസ്റ്റ് ഹിൽ കോഴിക്കോട്. | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ CR |
| 7 | ക്രമനം. 51 A **ഗീത. എസ്**, എച്ച്.എം, ഗവ. റ്റിറ്റിഐ, മണക്കാട് തിരുവനന്തപുരം | 2018 നവംബർ 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ CR |
| 8 | ക്രമനം. 46A **സതീഷ് കുമാർ. റ്റി.ഡി.**, എച്ച്.എം, ജി.എച്ച്.എസ്.എസ്. ജഗതി, തിരുവനന്തപുരം. | 2016,2017,2018 കലണ്ടർ വർഷങ്ങളിലെ CR |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ പ്രധാനാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും അടിയന്തിരമായി അറിയിപ്പ് നൽകി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

ഡയറക്ടർ,
ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

} ടി അറിയിപ്പുപ്രകാരം പുതുതായി ഹയർസെക്കന്ററി പ്രിൻസിപ്പാൾ പ്രമോഷനുവേണ്ടി അപേക്ഷിക്കുന്നവരുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നതിനായി ഈ കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള എച്ച്.എം/എ.ഇ.ഒ മാരുടെ അന്തിമ സീനിയോറിറ്റി പട്ടികകളുടെ പകർപ്പുകൾ ഇതോടൊപ്പം നൽകുന്നു